**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 176** **20-01-2021 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ട് അപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ യു. ആർ. പ്രദീപ്,<br>ശ്രീ. വി. അബ്ദുറഹിമാൻ,<br>ശ്രീ വി. കെ. സി. മമ്മത് കോയ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്റ്റാർട്ട് അപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കിയ പ്രധാനപ്പെട്ട പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി യുവ സംരംഭകത്വ പദ്ധതി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കി വരുന്നത്. സ്റ്റാർട്ടപ്പുകൾക്ക് പലവിധത്തിലുള്ള ആനുകൂല്യങ്ങൾ നേരിട്ട് നല്കുന്നതിനുള്ള പദ്ധതിയാണ് യുവ സംരംഭകത്വ പദ്ധതി. എന്നാൽ സംസ്ഥാനത്ത് മികച്ച സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ ഒരുക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിയാണ് ടെക്നോളജി ഇന്നവേഷൻ സോൺ. |
| (ബി) | ഇക്കാലയളവിൽ സ്റ്റാർട്ട് അപ്പുകൾക്ക് കോർപ്പസ് ഫണ്ട് ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; അറിയിക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം യുവ സംരംഭകത്വ പദ്ധതി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ പദ്ധതികൾക്കായി നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ പറയും പ്രകാരമാണ്. രൂപ (കോടിയിൽ) വർഷം പദ്ധതി ചെലവഴിച്ച തുക 2016-17 യുവ സംരംഭകത്വ പദ്ധതി 20.00 ടെക്നോളജി ഇന്നവേഷൻ സോൺ 4.00 2017-18 യുവ സംരംഭകത്വ പദ്ധതി 18.85 ടെക്നോളജി ഇന്നവേഷൻ സോൺ 6.00 2018-19 യുവ സംരംഭകത്വ പദ്ധതി 39.20 ടെക്നോളജി ഇന്നവേഷൻ സോൺ 5.00 2019-20 യുവ സംരംഭകത്വ പദ്ധതി 31.56 ടെക്നോളജി ഇന്നവേഷൻ സോൺ 7.00 2020-21 യുവ സംരംഭകത്വ പദ്ധതി 20.00 ടെക്നോളജി ഇന്നവേഷൻ സോൺ 5.00 TOTAL 156.61 |
| (സി) | ഇത് മുൻ സർക്കാരിന്റെ കാലത്ത് എത്രയായിരുന്നു; അറിയിക്കാമോ; | (സി) | മേൽ സൂചിപ്പിച്ച രണ്ടു പദ്ധതികളിലൂടെ മുൻ സർക്കാർ ചെലവഴിച്ച തുകയുടെ വിശദാംശം താഴെ കാണും പ്രകാരമാണ്. രൂപ (കോടിയിൽ) വർഷം പദ്ധതി ചെലവഴിച്ച തുക 2014-15 യുവ സംരംഭകത്വ പദ്ധതി 11.17 ടെക്നോളജി ഇന്നവേഷൻ സോൺ 15.00 |

| | | | |
|---|---|---|---|
| | | | 2015-16 യുവ സംരംഭകത്വ പദ്ധതി 20.20 ടെക്നോളജി ഇന്നവേഷൻ സോൺ 25.97 Total 72.34 |
| (ഡി) | ഈ സർക്കാരിന്റെ കാലത്ത് എത്ര സ്റ്റാർട്ട് അപ്പുകൾക്ക് വിദേശസഹായം ലഭിച്ചു; മുൻ സർക്കാരിന്റെ കാലത്ത് എത്രയായിരുന്നു; വിവരം നൽകാമോ? | (ഡി) | ഇക്കാര്യത്തിൽ പൂർണമായ വിവരം ലഭ്യമല്ല. എന്നാൽ കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ നടപ്പിലാക്കുന്ന പദ്ധതിയിലൂടെ 148 സ്റ്റാർട്ടപ്പുകൾക്ക് വിദേശ സഹായം ലഭിക്കുന്നതിനുള്ള അവസരം ഒരുക്കിയിട്ടുണ്ട്. ഇത് ഏകദേശം 300 കോടിയോളം രൂപയാണെന്നാണ് അനുമാനിക്കുന്നത്. മുൻ സർക്കാരിന്റെ കാലത്ത് 15 സ്റ്റാർട്ടപ്പുകൾക്ക് വിദേശ സഹായം ലഭ്യമാക്കുന്നതിനുള്ള അവസരം ഒരുക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കാലയളവിൽ ലഭ്യമായ വിദേശ സഹായം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ